ഉത്തരം

(എ) കൈത്തറി തൊഴിലാളികളെ സഹായിക്കുവാൻ നിലവിലുള്ള സംസ്ഥാന പദ്ധതികൾ † അനുബന്ധം ഒന്നായും കേന്ദ്രാവിഷ്കൃത പദ്ധതികൾ അനുബന്ധം രണ്ടായും ചേർത്തിരിക്കുന്നു.

(ബി) അനുബന്ധം രണ്ടിൽ കൊടുത്തിരിക്കുന്ന എല്ലാ കേന്ദ്ര സഹായ പദ്ധതികളും കേരളത്തിൽ നടപ്പാക്കിയിട്ടുണ്ട്.

(സി) ദീൻദയാൽ കൈത്തറി വികസന പദ്ധതി പ്രകാരം സംസ്ഥാനത്തെ 8175 നെയ്ത്തു തൊഴിലാളികൾക്ക് പ്രയോജനം ചെയ്യുന്ന 23.33 കോടി രൂപയുടെ പദ്ധതി നടപ്പാക്കിവരുന്നു. ഇതേ പദ്ധതി പ്രകാരം തന്നെ 2001-02 മുതൽ 2004-05 വരെ മാർക്കറ്റിംഗ് ഇൻസെന്റീവ് ഇനത്തിൽ 41.97 കോടി രൂപ പ്രാഥമിക സംഘങ്ങൾക്കും, ഹാന്റക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങൾക്കും അനുവദിച്ചിട്ടുണ്ട്. ഇതിലൂടെ സഹകരണ മേഖലയിലെ നെയ്ത്തു തൊഴിലാളികളുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനും സഹായകരമായിട്ടുണ്ട്.

ഹാന്റ്ലൂം എക്സ്പോർട്ട് സ്കീം പ്രകാരം കേരളത്തിലെ 5 സംഘങ്ങളിൽ 2.12 കോടി രൂപയുടെ പദ്ധതി നടപ്പാക്കിവരുന്നു. ഈ പദ്ധതിയിലൂടെ 837 നെയ്ത്തു കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്നതാണ്.

ഹൗസ്-കം-വർക്ക് ഷെഡ് സ്കീം പ്രകാരം 2001-02 മുതൽ 2003-04 വരെ 1633 വർക്ക് ഷെഡും 371 ഹൗസ്-കം-വർക്ക് ഷെഡും നിർമ്മിക്കാൻ 1,51,53,000 (ഒരു കോടി അൻപത്തി ഒന്ന് ലക്ഷത്തി അൻപത്തിമൂന്നായിരം) രൂപ വിതരണം ചെയ്തിട്ടുണ്ട്. ഇതിലൂടെ ആകെ 2004 നെയ്ത്തുകാർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

കോൺട്രിബ്യൂട്ടറി ത്രിഫ്റ്റ് ഫണ്ട് സ്കീം പ്രകാരം 2001-02 മുതൽ 2003-04 വരെ 10343 നെയ്ത്തുകാർക്ക് പ്രയോജനം ലഭിക്കുന്ന വിധം 91,96,209 (തൊണ്ണൂറ്റി ഒന്ന് ലക്ഷത്തി തൊണ്ണൂറ്റാറായിരത്തി ഇരുനൂറ്റി ഒൻപത്) രൂപ വിതരണം ചെയ്യുകയുണ്ടായി. ഇതു കൂടാതെ ഹെൽത്ത് പാക്കേജ് പദ്ധതിപ്രകാരം 2001-02 മുതൽ 2003-04 വരെ 13678 പേർക്ക് 4635438 രൂപയുടെ ധനസഹായവും അനുവദിച്ചിട്ടുണ്ട്.

"പരമ്പരാഗത വ്യവസായങ്ങളെ നവീകരിക്കുവാൻ പദ്ധതി"

40 [1245] ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
,, കെ. സി. ജോസഫ് :
,, സി. പി. മുഹമ്മദ് :
,, ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരമ്പരാഗത വ്യവസായങ്ങളെ ആധുനിക സാങ്കേതിക വിദ്യയുടെ വെളിച്ചത്തിൽ നവീകരിക്കുവാൻ എന്തെങ്കിലും പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

† അനുബന്ധം VI, VI A

LIBRARY ARCHIVES Kerala Legislative Assembly

(ബി) പരമ്പരാഗത വ്യാവസായികോൽപന്നങ്ങളുടെ വില കുറയത്തക്ക രീതിയിൽ ഉള്ള ഉൽപ്പാദന ടെക്നിക്കുകൾ സ്വീകരിക്കാനും അവയുടെ ഗുണമേന്മ അന്താരാഷ്ട്ര മാർക്കറ്റിൽ കിട്ടുന്ന സമാന ഉൽപ്പന്നങ്ങളോട് മൽസരിക്കത്തക്ക വിധത്തിലാക്കാനും എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട് ;

(സി) മേൽ കാര്യങ്ങളെപ്പറ്റി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു വിദഗ്ധ സമിതിക്ക് രൂപം കൊടുക്കുമോ ?

ഉത്തരം

(എ) കയർ മേഖലയിൽ നവീകരണത്തിനായി ഗുണമേന്മയോടെ വൈവിധ്യമാർന്ന ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ കമ്പ്യൂട്ടർ എയ്ഡഡ് ഡിസൈൻ സെന്ററുകൾ സ്ഥാപിക്കുന്ന സഹകരണ സംഘങ്ങൾക്ക് ധനസഹായം, യന്ത്രവൽകൃത ചകിരി മില്ലുകൾ സ്ഥാപിക്കുവാൻ 50% മൂലധന സബ്സിഡി (10 ലക്ഷം രൂപവരെ) ഇവ നൽകിവരുന്നു. കയർ മേഖലയുടെ നവീകരണത്തിനായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുവാൻ നടപടി എടുത്തുവരുന്നു. പരമ്പരാഗത റാട്ടുകളിൽ തൊഴിവാളികൾക്ക് വിവിധ തരം കയർ ഉല്പന്നങ്ങൾ നിർമ്മിക്കുവാൻ പരിശീലനം നൽകി വരുന്നുണ്ട്.

കൈത്തറി മേഖലയിൽ ഡിസൈനിംഗിലും മാർക്കറ്റിംഗിലും പ്രയോജനപ്പെടുത്താവുന്ന ആധുനിക സാങ്കേതിക വിദ്യ നടപ്പാക്കിവരുന്നു. കമ്പ്യൂട്ടറിന്റെ സഹായത്തോടുകൂടി വിദേശ വിപണിക്കാവശ്യമായ വസ്ത്രങ്ങൾ ഡിസൈൻ ചെയ്യുന്നതിന് എൻ. ഐ. ഡി., എൻ. ഐ. എഫ്. റ്റി. ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കോഴിക്കോട് തുടങ്ങിയ ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതി നടപ്പാക്കി വരുന്നു. കരകൗശല മേഖലയിൽ, കരകൗശല വികസന കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററിൽ തടികൾ ഉപയോഗിച്ചുള്ള കരകൗശല ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള വുഡ് സീസണിംഗ് പ്ലാന്റ്, വുഡ് ട്രീറ്റ്മെന്റ് പ്ലാന്റ്, വുഡ് ബെന്റിംഗ് മെഷീൻ, വുഡ് വർക്കിംഗ് മെഷീൻ തുടങ്ങിയ ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ചുവരുന്നു. സുരഭിയുടെ കീഴിൽ ആധുനിക സാങ്കേതിക വിദ്യയും ഉപകരണങ്ങളും ഉപയോഗിച്ച് കരകൗശല വിദഗ്ധരുടെ മേൽനോട്ടത്തിൽ കരകൗശല ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിന് പദ്ധതിയുണ്ട്. ബാംബു മേഖലയിൽ ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി പനമ്പ് അടിസ്ഥാനമാക്കി പുതിയ ഉൽപന്നമായ ലാമിനേറ്റഡ് ഷീറ്റ് പരീക്ഷണാടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിനുള്ള ശ്രമം നടന്നുവരുന്നു.

(ബി) കയർ മേഖലയിൽ വിപണന സാദ്ധ്യതകൾ കണ്ടെത്താൻ വേണ്ടി വിപണി ഗവേഷണ പഠനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഗുണമേന്മ ഉള്ളതും വൈവിധ്യമാർന്നതും ആഗോള വിപണിക്കാവശ്യമുള്ളതുമായ ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിന് കമ്പ്യൂട്ടർ എയ്ഡ്സ് ഡിസൈൻ സെന്ററുകൾ, നിയന്ത്രിത യന്ത്രവൽക്കരണം എന്നിവ നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കൈത്തറി മേഖലയിൽ ഉൽപാദന ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി ചേണ് വൈന്റിംഗ് മെഷീൻ, ബോബിംഗ് വൈന്റിംഗ് മിഷ്യൻ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ഗുണനിലവാരം, വിദേശവിപണി എന്നിവ ലക്ഷ്യമാക്കി വിവിധതരത്തിലുള്ള ഡിസൈനുകൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കരകൗശല മേഖലയിൽ ഉൽപാദനചെലവ് കുറയ്ക്കുന്നതിനും ഗുണനിലവാരം ഉയർത്തുന്നതിനും യുണൈറ്റഡ് നേഷൻസ് ഡെവലപ്പ്മെന്റ് പ്രോഗ്രാമിന്റെ ഒരു പദ്ധതി നിലവിലുണ്ട്. കേന്ദ്ര കരകൗശല കമ്മീഷണറേറ്റിന്റെ അഗർത്തലയിലുള്ള ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ യുവ കരകൗശല കലാകാരന്മാർക്ക് വിദഗ്ധ പരിശീലനം നൽകുന്നു.

(സി) കയറും കയറുല്പന്നങ്ങളുടെയും വിപണികളെക്കുറിച്ച് പഠനം നടത്തുന്നതിനായി അനുമതി തേടിയിരിക്കുകയാണ്. ഉല്പന്നങ്ങളുടെ നിർമ്മാണം, ഗവേഷണം, വിപണനം, വികസനം എന്നിവയ്ക്കായി ഒരു ദേശീയ കയർ ഗവേഷണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (NCRMI) സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൈത്തറി മേഖലയിൽ ടെക്സ്റ്റയിൽ കമ്മിറ്റി കേരളത്തിലെ കൈത്തറി വ്യവസായ രംഗത്ത് വരുത്തേണ്ട പരിപാടികളെ സംബന്ധിച്ച് പഠനം നടത്തി സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾക്ക് രൂപം നൽകിവരുന്നു. കരകൗശല ഉല്പന്നങ്ങളുടെ വില കുറയ്ക്കത്തക്ക രീതിയിലുള്ള ഉല്പാദന ടെക്നിക്കുകൾ സ്വീകരിക്കാനും ഗുണനിലവാരം അന്താരാഷ്ട്ര മാർക്കറ്റിൽ മൽസരിക്കത്തക്ക വിധത്തിലാക്കാനും UNDP പദ്ധതി പ്രയോജനപ്പെടുത്തുവാനും, അഗർത്തലയിലുള്ള കരകൗശല ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ യുവ കലാകാരന്മാർക്ക് വിദഗ്ധ പരിശീലനവും നൽകിവരുന്നു.

എം. ജി. പി. യുടെ ഭാഗമായി പരമ്പരാഗത വ്യവസായ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ എഫ്. ഫെർഗുസൺ ആന്റ് കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഗ്രാമീണ-ചെറുകിട-പരമ്പരാഗത വ്യവസായങ്ങളുടെ നിലനിൽപ്പ്

41 [1246] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗ്രാമീണ-ചെറുകിട വ്യവസായങ്ങൾ, പരമ്പരാഗത വ്യവസായങ്ങൾ, എന്നിവയുടെ നിലനിൽപ്പ്, വളർച്ച, വികാസം എന്നിവ ലക്ഷ്യമാക്കിക്കൊണ്ട് 2001 മേയ് മാസം മുതൽ ഗവൺമെന്റ് നടപ്പിലാക്കിയ പദ്ധതികളും ഈ പദ്ധതികൾക്കുവേണ്ടി നാളിതുവരെ ഉണ്ടായ പദ്ധതിചെലവും എത്രയെന്നും വ്യക്തമാക്കുമോ ;

(ബി) ഇത്തരം പദ്ധതികൾക്കുവേണ്ടി 1996 മേയ് മാസം മുതൽ 2001 ഏപ്രിൽ മാസം വരെ ചെലവഴിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഗ്രാമീണ-ചെറുകിട വ്യവസായ മേഖലയേയും പരമ്പരാഗത വ്യവസായ മേഖലയേയും സംരക്ഷിച്ചു നിലനിർത്തുന്നതിന് ഏതെങ്കിലും ബഹുമുഖമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നുണ്ടെങ്കിൽ അതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

2/2312/12

LIBRARY ARCHIVES Kerala Legislative Assembly